ദേവേന്ദ്രകുമാർ വർമ്മ, ഐ.എഫ്.എസ്.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഭരണവിഭാഗത്തിന്റെ പൂർണ്ണ അധിക ചുമതല)
തിരുവനന്തപുരം.

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്
തിരുവനന്തപുരം-14
കേരളം, ഇന്ത്യ
ഫോൺ { ഓഫീസ് : 0471-2529111
ഫാക്സ് : 0471-2338491
email: apccf-admin.for@kerala.gov.in.

ഇ6-4489/2019 — തീയതി: 06.08.2019

## സർക്കുലർ നമ്പർ 2/2019

വിഷയം:- വനം-വന്യജീവി വകുപ്പ് - ഫയൽ അദാലത്ത് - സംബന്ധിച്ച്

സൂചന:- സർക്കുലർ നമ്പർ എ.ആർ.14-2/90/2019/ഉ.ഭ.പ.വ. തീയതി 23.07.2019.

ദീർഘകാലമായി വിവിധ സർക്കാർ ഓഫീസുകളിൽ തീർപ്പാക്കാത്ത ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 23.07.2019-ലെ സർക്കാർ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പ് ആസ്ഥാനത്ത് വച്ച് ആഗസ്റ്റ് 16, 19 തീയതികളിൽ വകുപ്പുതല ഏകോപന ഓഫീസർ ആയ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അവലോകന യോഗത്തിൽ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ പങ്കെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അനുപ്രകാരം വകുപ്പ് ആസ്ഥാനത്തെ ഓരോ ഓഫീസിലെയും നോഡൽ ഓഫീസർമാരായ ബ്രാഞ്ച് ഓഫീസർമാർ ഈ തീയതികളിലെ അവലോകന യോഗത്തിൽ പങ്കെടുക്കേണ്ടതും, ബ്രാഞ്ച് ഓഫീസർമാർ അവരവരുടെ തലങ്ങളിൽ ഫയലുകൾ പരിശോധന നടത്തിയതിന്റെയും തീർപ്പാക്കിയതിന്റെയും വിശദമായ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുമാണ്. ആദ്യ അവലോകന യോഗം 16.08.2019 തീയതി രാവിലെ 11.30-ന് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേംബറിൽ വച്ച് നടക്കുന്നതാണ്. അതോടൊപ്പം എല്ലാ ആഴ്ചയുടെയും അവസാന ദിവസം 5 മണിക്ക് മുമ്പായി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ mail id ആയ sao-admin.for@kerala.gov.in-ലേക്ക് അദാലത്തുകളുടെ തൽസ്ഥിതി വിവരങ്ങൾ എല്ലാ നോഡൽ ഓഫീസർമാരും അറിയിക്കേണ്ടതാണ്. ആസ്ഥാന ഓഫീസിലെ ഓരോ വിഭാഗത്തിലേയും നോഡൽ ഓഫീസർമാരുടെ പേരുവിവരങ്ങൾ ഇന്നേ ദിവസം 5 മണിക്ക് മുമ്പായി മേൽപ്പറഞ്ഞ mail id യിലേക്ക് അറിയിക്കേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ഭരണവിഭാഗത്തിന്റെ പൂർണ്ണ അധിക ചുമതല)